കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# വലപ്പാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail:dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)1757/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ: 0487 2331249
തീയതി: 04/12/2017
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
വലപ്പാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)1757/17 തീയതി. 04/12/2017

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 02.11.16 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.17 വരെ വിവിധ അക്കൗണ്ടുകളിലെ പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 28 എണ്ണം നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2017 മുതൽ 25.10.2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| തുളസിദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ |
| പ്രശാന്ത്.ടി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ലിഷ.കെ.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| ബി) നിർവ്വഹണാധികാരികൾ | | |
|---|---|---|
| | പേര് | കാലയളവ് |
| പ്രസിഡന്റ് | ഇ.കെ.തോമസ് മാസ്റ്റർ | 1.4.2016 മുതൽ<br>31-3-17 വരെ |
| സെക്രട്ടറി | എൻ.ഒ. ലില്ലി | 1.4.2016 - 24.12.2016 F.N. |
| | മിനി.കെ.ആർ | 24-12-16 A.N. - 31-3-17 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | സലീം | 1.4.16 - 30.6.2016 |
| | രാമചന്ദ്രൻ | 1.7.16 - 16.8.2016 |
| | ശ്രീനിവാസൻ.എം.ജി. | 17-8-16 മുതൽ<br>31-3-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷൈനി.പി.ജെ. | 1.4.2016 - 31.3.2017 |
| കൃഷി ഓഫീസർ | മാലിനി.ഇ.ഡി. | 1.4.2016 - 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശുഭ നാരായണൻ | 1.4.2016 - 31.3.2017 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. പ്രവീൺ കുമാർ | 1.4.2016 - 31.3.2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സി.എം.ഷക്കീല | 1.4.2016 - 30.4.2016 F.N. |
| | ഡോ.ശ്രീജിത്ത് | 30-4-16 A.N. മുതൽ 12-1-17 വരെ |
| | ഡോ.ഗീതാ കുമാരി | 13-1-17 മുതൽ 31-3-17 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ലിൻസി.പി. മഞ്ഞളി | 1.4.2016 - 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.ജിതേന്ദ്ര കുമാർ | 1.4.2016 - 31.3.2017 |

| | | |
|---|---|---|
| വി.ഇ.ഒ. വലപ്പാട് | ഗീതകുമാരി | 1.4.2016 - 31.3.2017 |
| വി.ഇ.ഒ. എടമുട്ടം | ഹസീന.ടി.കെ. | 1.4.2016 - 31.3.2017 |
| എച്ച്.എം. | ശ്രീ റാണി | 1.4.2016 - 31.3.2017 |
| ഡയറിഫാം ഇൻസ്ട്രക്ടർ | അനില.ടി.തെയ്യൻ | 1-4-16 മുതൽ 31-3-17 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | അനികുമാർ.വി. | 01.04.16 – 24.04.16 |
| | സുധി.കെ.കെ. | 25.04.16 – 09.08.16 |
| | ഒഴിവ് | 10.08.16 – 10.11.16 |
| | സുനിത.ഇ.ബി. | 11.11.16 – 28.11.16 |
| | അൻസിൽ.വി.എം. | 29.11.16 – 31.03.17 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സങ്കേതം" സോഫ്റ്റ് വെയർ ഉപയോഗിച്ച് പെർമിറ്റ് നല്കൽ -പെർമിറ്റ് ഫീ, ക്രമവത്ക്കരണ ഫീ എന്നിവ ഈടാക്കുന്നതിൽ കുറവ് - പഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |

| | | |
|---|---|---|
| 13 | ബിൽഡിങ്ങ് പെർമിറ്റ് നല്കൽ – ക്രമവത്ക്കരണ ഫീ ഈടാക്കുന്നതിൽ കുറവ് | 2-2 |
| 14 | വാടക കുടിശ്ശിക ഈടാക്കുന്നതിൽ കാലതാമസം | 2-3 |
| 15 | ഡി&ഒ ലൈസൻസ് നല്കൽ - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 2-5 |
| 17 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-6 |
| 18 | പഞ്ചായത്ത് ഡി&ഒ ലൈസൻസ് നല്കിയ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-7 |
| 19 | ഡി&ഒ ലൈസൻസ് നല്കൽ- വരുമാനത്തിന് ആനുപാതികമായ ഫീ ഈടാക്കിയില്ല | 2-8 |
| 20 | തൊഴിൽ നികുതി (ജീവനക്കാർ) ഈടാക്കിയതിലെ അപാകത | 2-9 |
| 21 | പരസ്യനികുതി ഈടാക്കി തുടങ്ങിയിട്ടില്ല | 2-10 |
| 22 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത | 2-11 |
| 23 | ക്രിമറ്റോറിയം- രസീതി സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല | 2-12 |
| 24 | പഞ്ചായത്ത് ലൈബ്രറി - രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 2-13 |
| 25 | ടെണ്ടർ ഫോം വില 207100/- രൂപ ലഭ്യമായില്ല | 2-14 |
| 26 | ലേല വരവ് – ഫയലുകൾ പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല | 2-15 |
| | ഭാഗം 3 | |
| 27 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-1 |
| 28 | മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്ന പദ്ധതി - അപാകതകൾ | 3-2 |

| | | |
|---|---|---|
| | പരിഹരിക്കേണ്ടതാണ് | |
| 29 | ആരോഗ്യകുടുംബക്ഷേമ പ്രവർത്തനങ്ങൾ- വാഹനത്തിന്റെ ഇന്ധന ചെലവുകൾക്ക് വികസനഫണ്ട് പൊതുവിഹിതം ചെലവഴിച്ചു | 3-3 |
| 30 | സർക്കാർ ഉത്തരവുകൾ പ്രകാരം ലാപ് ടോപ്പിന് അർഹതയില്ലാത്തവർക്കും ലാപ് ടോപ്പ് നൽകി | 3-4 |
| 31 | എയ്ഡഡ് സ്കൂളുകളിലേക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ - സർക്കാർ അനുമതിയില്ല | 3-5 |
| 32 | കായികപരിശീലനപദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 3-6 |
| 33 | എസ്.എസ്.എ.യിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- അധികം നൽകിയ തുക തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്. | 3-7 |
| 34 | ഒരു പ്രവൃത്തി രണ്ടായി ടെണ്ടർ ചെയ്തതിനാൽ നഷ്ടം സംഭവിച്ചു | 3-8 |
| 35 | പുതിയ റോഡുകളുടെ നിർമ്മാണം- മുഴുവൻ രേഖകളും ലഭ്യമല്ല | 3-9 |
| 36 | റോഡുനിർമ്മാണം - മണ്ണ് ഫില്ലിംഗിന് അധിക നിരക്ക് നല്കി | 3-10 |
| 37 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ - ഒരേ ഇനം പ്രവൃത്തികൾക്ക് വ്യത്യസ്ത സെക്ഷനുകളിൽ വ്യത്യസ്ത നിരക്കുകൾ ഈടാക്കി | 3-11 |
| 38 | വീട് വയറിംഗ് (എസ്.സി.)- അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ല | 3-12 |
| 39 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 40 | തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 |

| | | |
|---|---|---|
| 41 | അംഗനവാടികൾക്ക് പഠനോപകരണങ്ങൾ നല്കൽ - കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 3-15 |
| 42 | മഴക്കാലപൂർവ്വ ശുചീകരണം- ചെലവു രേഖകൾ ഹാജരാക്കിയില്ല | 3-16 |
| 43 | ഹരിത കേരളം പദ്ധതി - മാലിന്യ സംസ്കരണം – വിവരം ലഭ്യമല്ല | 3-17 |
| | ഭാഗം-4 | |
| 44 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 47 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 52 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.2016 തിയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 165447688/- രൂപയും ചെലവ് 153311000/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 25.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നല്കിയതിന്റെ വിവരം

1)വസ്തു നികുതി ഡിമാന്റ് (തൻവർഷം,കുടിശ്ശിക), കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയർ, വാർഷിക കണക്ക് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| | ഡിമാന്റ് (without L.C) | തൻവർഷ കളക്ഷൻ (without L.C) | ബാലൻസ് (with L.C) |
|---|---|---|---|
| സാംഖ്യ (വാർഷിക കണക്ക് പ്രകാരം) | 5574708 | 3529389 | 2140697 |
| സഞ്ചയ പ്രകാരം | 5574708 | 3529389 | 2145143 |

കുടിശ്ശിക

| | ഡിമാന്റ് (without L.C) | കളക്ഷൻ (without L.C) | ബാലൻസ് (with L.C) |
|---|---|---|---|
| സാംഖ്യ (വാർഷിക കണക്ക് പ്രകാരം) | 2557610 (2015-16 B/S schedule B-15) | 1861863 | 2690455 |
| സഞ്ചയ പ്രകാരം | 4558621 | 1861863 | 2829418 |

2) ഡി&ഒ ലൈസൻസ് ഫീസ് വാർഷിക കണക്ക്, രജിസ്റ്റർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | അഡ്വാൻസ് കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| സാംഖ്യ (വാർഷിക കണക്ക് പ്രകാരം) | 45050 (2015-16 B/S schedule B-9) | 117150 | 118500 (73450+45050)<br>1350/- രൂപ ഡിമാന്റിനെക്കാൾക്കൂടുതൽ കളക്ട് ചെയ്തിരിക്കുന്നു | ഇല്ല |
| രജിസ്റ്റർ പ്രകാരം | 43700 | 113850 | 113850<br>(43700+70150) | ഇല്ല |

3)തൊഴിൽ നികുതി (traders) വാർഷിക കണക്ക്, രജിസ്റ്റർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 391530 | 381130 | 6250 |
| രജിസ്റ്റർ പ്രകാരം | 391530 | 385280 | 6250 |

4) 2015-16 വാർഷിക കണക്ക് B/S schedule B-9 (ഹെഡ്-350410102) പ്രകാരം 4440/- രൂപ

പ്രൊഫഷണൽ ടാക്സ്-ട്രേഡേഴ്സ് മുൻകൂർ കളക്ട് ചെയ്തിട്ടുണ്ട്. ടി തുക തൻവർഷ ഡിമന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) തൊഴിൽ നികുതി (employees) വാർഷിക കണക്ക്, രജിസ്റ്റർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 3220660 | 3219410 | ഇല്ല |
| രജിസ്റ്റർ പ്രകാരം | 3227260 | 3220660 | 6600 |

6) 2015-16 വാർഷിക കണക്ക് B/S schedule B-9 (ഹെഡ്-350410401) പ്രകാരം വാടക 12000/- രൂപ മുൻകൂർ കളക്ട് ചെയ്തിട്ടുണ്ട്. ടി തുക 2016-17ലെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) B/S schedule B-14 (ഹെഡ്-430100103) പ്രകാരം Closing stock -stores ന്റെ മൂല്യം 9792/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 44414/-

8) വികസനഫണ്ട് (ജനറൽ) എ.സി.ആർ പ്രകാരം 29.3.17-ൽ 231625/- രൂപ വി.ഇ.ഒ-യ്ക്കു നല്കിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ. s047/17, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം) എന്നാൽ വി.ഇ.ഒ യുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം ടി തുക ചെലവ് വന്നിട്ടില്ല. ആയതിനാൽ ചെലവ് ചെയ്യപ്പെടാത്ത മേൽ തുകവാർഷിക കണക്കിൽ വരവിലും ചെലവിലും അധികരിച്ചു വന്നിട്ടുണ്ട്.

9)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം Other Deposits (340109901) തുക 49163/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തുക 47463/-

10) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 Investment – fixed deposit (ഹെഡ് -420800101) എന്ന ശീർഷക പ്രകാരമുള്ള തുക 4018125 ആണ്. എന്നാൽ ഫിക്സഡ് ഡെപ്പോസിറ്റ് രേഖകൾ പ്രകാരം തുക 5653495/- (2015-16, 2016-17 വർഷത്തെ പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല)

11) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നല്കിയ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 – Loans, advances and deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

12) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 loans, advances and deposits-ൽ temporary advance for official purposes (ഹെഡ് -460100103) എന്ന ശീർഷക പ്രകാരമുള്ള 13707/- രൂപ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഡ്ജർ പ്രകാരം ടി തുക 6/2014 മുതൽ ക്രമീകരിക്കാതെ ശേഷിക്കുന്നതായി കാണുന്നു.

13) 2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഐ.സി.ഡി.എസ് കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പ് 455377/- രൂപയാണ്. തൻവർഷ വരവ് 861517. ആകെ 1316894. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 861517/-, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ക്യാഷ്ബുക്ക് പ്രകാരം ചെലവ് 1095535/-, ലഡ്ജർ പ്രകാരം ചെലവ് 1145535/-. ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

14) വാർഷിക കണക്ക് Receipt&payment account RP-5 പ്രകാരം Receipts from Auction of Obsolete Assets വരവ് 23990/- രൂപയാണ്. എന്നാൽ ലേല രജിസ്റ്റർ പ്രകാരം വരവ് 24990/-.

15) നാളിതു വരെയുള്ള ആസ്തി, ബാധ്യത വിവരങ്ങൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം&എക്സ്പെന്റിച്ചർ പത്രിക,

റസീറ്റ്&പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30621593.99 |
| വരവ് | 59385986 |
| ആകെ | 90007579.99 |
| ചെലവ് | 59069144 |
| നീക്കിയിരിപ്പ് | 30938435.99 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്ട്മെൻറ് പ്രകാരം) | ആകെ തുക | ചെലവ് തുക | സഞ്ചിത നിധിയിലേക്ക് തിരികെപോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 16103700 | 16103700 | 14056838 | 2046862 | 87.2 |
| വികസന ഫണ്ട് (എസ്.സി.പി) | - | 11198955 | 11198955 | 6747044 | 4451911 | 60.2 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 9929403 | 9929403 | 615000 | 9314403 | 6.1 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 4343082 | 4343082 | 3890181 | 452901 | 89.5 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 7994860 | 7994860 | 5611835 | 2383025 | 70.1 |
| ലോക ബാങ്ക് സഹായം (കേന്ദ്രം) | - | 5095606 | 5095606 | 248401 | 4847205 | 4.8 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 80236020 | 99 | 39779298 | 59 | 11 | 49.57 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6538553 | 8992792 | 2454239 | +37.5% |
| നികുതിയേതര വരവുകൾ | 2567243 | 1633193 | 934050 | -36.3% |
| മറ്റു വരവുകൾ | 2274660 | 1257677 | 1016983 | -44.7% |
| ആകെ | 11380456 | 11883662 | 503206 | (+)4.42% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105960 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 2854870 | 315 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 16267760 | 1419 |
| വാർദ്ധക്യകാല പെൻഷൻ | 22393675 | 2216 |
| വികലാംഗ പെൻഷൻ | 4712455 | 381 |
| അവിവാഹിത പെൻഷൻ | 1401060 | 134 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2017 തിയതി, 3.00 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34188/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി, ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകൾ ഒരുപരിധിവരെ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അപാകതൾ തുടർന്നുള്ള ഭാഗങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്.

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

2) പഞ്ചായത്തിനു കീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.2017 | 09/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.6.2012 | 2011-12 | 16.8.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 "സങ്കേതം" സോഫ്റ്റ് വെയർ ഉപയോഗിച്ച് പെർമിറ്റ് നല്കൽ -പെർമിറ്റ് ഫീ, ക്രമവത്ക്കരണ ഫീ എന്നിവ ഈടാക്കുന്നതിൽ കുറവ് -പഞ്ചായത്തിന് വരുമാന നഷ്ടം

ബിൽഡിങ്ങ് പെർമിറ്റ് ഫീ നിയമാനുസൃതമായ നിരക്കിലും കുറവ് ഈടാക്കുന്നു

2011ലെ കെ.പി.ബി.ആർ ചട്ടം 11(3) ഷെഡ്യൂൾ II പ്രകാരം കാറ്റഗറി II പഞ്ചായത്തിലെ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 3/- രൂപ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തിൽ (2016 ഏപ്രിൽ മുതൽ) പഞ്ചായത്തിൽ ബിൽഡിങ്ങ് പെർമിറ്റിനായി അപേക്ഷിച്ച 100-150 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 1.50 രൂപ നിരക്കിലാണ് പെർമിറ്റ് ഫീ ഈടാക്കിയിട്ടുള്ളത്. 2016 ഡിസംബർ വരെ ഈ നിരക്കിലാണ് ഈടാക്കിക്കാണുന്നത്. 2017 ജനവരി മുതൽ 3/- രൂപ നിരക്കിൽ ഈടാക്കി വരുന്നു. 2014-15-ൽ 2.5 രൂപ നിരക്കിൽ ഈടാക്കിക്കാണുന്നു. ഇപ്രകാരം വിവിധ നിരക്കുകൾ ഈടാക്കുവാനുണ്ടായ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 09/20.10.2017 പ്രകാരം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ ഐ.കെ.എം സ്ഥാപിച്ച "സങ്കേതം" എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് പെർമിറ്റ് അപേക്ഷകൾ സ്വീകരിച്ച് പെർമിറ്റ് നല്കി വരുന്നതെന്നും, ടി സോഫ്റ്റ് വെയർ 2014 ജൂൺ മാസം മുതൽ ഉപയോഗിച്ച് വരുന്നുണ്ടെന്നും, സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്യുന്ന ഫീയാണ് പെർമിറ്റ് ഫീ ആയി ഈടാക്കി വരുന്നതെന്നും അതിൽ പ്രത്യേകമായി ഓപ്ഷൻ കൊടുക്കുവാനോ, മാറ്റുന്നതിനോ സാധിക്കുകയില്ലയെന്നും, ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാകുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രകാരം വിവിധ നിരക്കുകൾ ഈടാക്കിയതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സോഫ്റ്റ് വെയർ രജിസ്റ്റ്രേഷൻ നമ്പർ | പെർമിറ്റ് ഉടമയുടെ പേര് വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ ഫീ | ഈടാക്കേണ്ട ഫീ | വ്യത്യാസം |
|---|---|---|---|---|---|
| 27321/ 3.12.14 | വിശ്വനാഥൻ മുതൽ പേർ നെടിയിരിപ്പിൽ | 125.82 | 314.55 (2.5x125.82) | 377.46 | 62.90 |
| 153368/ 31.5.16 | കാർത്യായനി പനക്കൽ | 137.55 | 206.32 (1.5x206.32) | 412.65 | 206.35 |
| 209070/ 10.02.17 | റിസ് വാന പുതിയവീട്ടിൽ | 111.77 | 335.31 | - | - |

| | കോട്ടുപറമ്പിൽ | | (3x111.77) | | |
|---|---|---|---|---|---|

## ക്രമവത്ക്കരണ ഫീ ഈടാക്കുന്നതിലും കുറവ്

പെർമിറ്റ് റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിലും വ്യത്യാസം ഉള്ളതായിക്കാണുന്നു. 2014-15-ൽ 5/- രൂപ നിരക്കിലും (2.5 രൂപയുടെ ഇരട്ടി), 2016-17ൽ 3/- രൂപ നിരക്കിലും (1.5രൂപയുടെ ഇരട്ടി), 2017 ജനുവരി മുതൽ 6/- രൂപ നിരക്കിലും (3/- രൂപയുടെ ഇരട്ടി) ഈടാക്കിക്കാണുന്നു. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4)-ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം.229813/RD/2/15 ത.സ്വ.ഭ.വ. തിയ്യതി.11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അപേക്ഷകൻ ലൈസൻസ് എഞ്ചിനീയറുടെ ലോഗിനിൽ നിന്നും അയക്കുന്ന അപേക്ഷയിൽ റഗുലറൈസേഷൻ എന്ന് കാണിക്കുകയും ആയത് അനുസരിച്ച് "സങ്കേതം" സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്യുന്ന തുകയാണ് റഗുലറൈസേഷൻ ഫീ ആയി ഈടാക്കുന്നതെന്നും പഞ്ചായത്തിന് മാറ്റം വരുത്തുന്നതിന് സാധിക്കുന്നതല്ലയെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കുമ്പോൾ പെർമിറ്റ് ഫീ കൂടി ഈടാക്കുന്നതിനുള്ള പ്രൊവിഷൻ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലയെന്നാണ് വ്യക്തമാകുന്നത്. മേൽ പ്രകാരം പെർമിറ്റ് റഗുലറൈസേഷൻ ഫീ വിവിധ നിരക്കുകളിൽ ഈടാക്കിയതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സോഫ്റ്റ് വെയർ രജിസ്റ്റ്രേഷൻ നമ്പർ | പെർമിറ്റ് ഉടമയുടെ പേര് വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ റഗുലറൈസേഷൻ ഫീ | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീ | വ്യത്യാസം |
|---|---|---|---|---|---|
| 23050/ 16.12.14 | രാമകൃഷ്ണൻ കുന്നത്ത്, വലപ്പാട് | 121.5 | 607.5 (2.5x2x121.5) | 1093.5 (9x121.5) | 486 |
| 135563/ 16.3.16 | വസന്ത പൊയ്യാറ | 132.57 | 397.71 (1.5x2x132.57) | 1193.13 | 795.42 |
| 226957/ 13/03/17 | രാജീവ്.ടി.കെ., തണ്ടയംപറമ്പിൽ | 131.0 | 786 (3x2x131) | 1179 (9x131) | 393 |

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4)ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം.229813/RD/2/15 ത.സ്വ.ഭ.വ. തിയ്യതി.11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ പെർമിറ്റ് എടുക്കാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അപേക്ഷകളിൽ പെർമിറ്റ് ഫീയോടൊപ്പം രണ്ടിരട്ടി ക്രമവത്ക്കരണ ഫീ കൂടി ഈടാക്കേണ്ടതാണ്. എന്നാൽ സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് പെർമിറ്റ് നല്കുവാൻ തുടങ്ങിയ കാലയളവ് മുതൽ (ഇപ്പോഴും) മേൽപ്രകാരം ക്രമവത്ക്കരണ ഫീ ഈടാക്കുന്നില്ല. പഞ്ചായത്തിന് ഇതുവഴി

വരുമാന നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുതിയതായി സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങുമ്പോൾ പ്രാഥമികമായി പരിശോധിച്ച് വിലയിരുത്തേണ്ട വിവരങ്ങൾപ്പോലും പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ലയെന്നുള്ളത് മേൽനോട്ടച്ചുമതലയിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബിൽഡിങ്ങ് പെർമിറ്റ് ഫയലിനോടൊപ്പം നോട്ട്ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പെർമിറ്റ് ഫയൽ സ്വീകരിച്ച് പെർമിറ്റ് നല്കുകയോ, നിരസിക്കുകയോ ചെയ്യുന്നതു വരെയുള്ള വിവരങ്ങൾ കൃത്യമായി വിലയിരുത്തുവാൻ കഴിയുന്നില്ല. അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്ന എൽ.എസ്.ജി.ഡി വിഭാഗം അന്വേഷണ റിപ്പോർട്ട് കൃത്യമായി തീയ്യതി സഹിതം നോട്ട് ഫയലിൽ രേഖപ്പെടുത്തേണ്ടതും ക്രമവത്ക്കരണം നടത്തേണ്ട സംഗതികളിൽ വിസ്തീർണ്ണം, ക്രമവത്ക്കരണ ഫീ എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.

നാളിതുവരെ (സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങിയ കാലയളവ് മുതൽ) പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി ആയത് കെട്ടിട ഉടമകളിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

## 2-2 ബിൽഡിങ്ങ് പെർമിറ്റ് നല്കൽ - ക്രമവത്ക്കരണ ഫീ ഈടാക്കുന്നതിൽ കുറവ്

2016-17 വർഷത്തെ ഏതാനും നമ്പറിങ്ങ് ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും ക്രമവത്ക്കരണ ഫീ കുറവ് ഈടാക്കിയതായി കാണുന്നു.

| ക്രമ നമ്പർ | പേര് വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഈടാക്കിയ തുക | രസീത് നമ്പർ | ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | സെയ്തു, കറുപ്പംവീട്ടിൽ | 104.68 | 629 | 11604102371/ 11.7.16 | 942 | 313 |
| 2 | രാധാമണി, ഉള്ളാട്ടിക്കൽ | 128.62 | 772 | 5075901184441/ 3.7.16 | 1158 | 386 |
| 3 | സുനിൽ കുമാർ, പഴഞ്ചേരി, ഉള്ളാട്ടിക്കൽ | 125.88 | 378 | 11604102360/ 11.7.16 | 1133 | 755 |
| 4 | സന്തോഷ്&സുരേന്ദ്രൻ, വടകെട്ടി, വലപ്പാട് | 25.07 (വാണിജ്യം) | 251 | 11604102210/ 1.7.16 | 376 | 125 |
| 5 | കൗസല്യ, എരണേഴത്ത് | 218.89 (വാണിജ്യം) | 2189 | 11604101339/ 1.6.16 | 3283 | 1094 |
| 6 | ഹുസൈൻ&റസീന, പള്ളി തോട്ടുങ്ങൽ, എടമുട്ടം | 256.80 | 1541 | 11604101449/ 4.6.16 | 2311 | 770 |
| 7 | കൊച്ചുറാണി, ഉനക്കൽ ഹൗസ്, വലപ്പാട് | 160.10 (വാണിജ്യം) | 1601 | 11604101336/ 1.6.16 | 2402 | 801 |
| 8 | ജോസ്, പ്ലാവരപുത്തൻവീട്ടിൽ, വലപ്പാട് | 49.36 (വാണിജ്യം) | 494 | 11604101247/ 25.5.16 | 740 | 246 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മധു&ശ്രീജ, പനങ്ങാട് ഹൗസ് | 60.14 (വാണിജ്യം) | 601 | 11604103450/ 25.6.16 | 902 | 301 |
| 10 | സന്തോഷ്, തണ്ടയംപറമ്പിൽ | 62.69 (വാണിജ്യം) | 627 | 11604102204/ 1.7.16 | 940 | 313 |
| 11 | കാർത്തികേയൻ, കൊണ്ടിയറവട | 105.0 | 314 | 11604104478/ 6.6.16 | 945 | 631 |
| 12 | ശാന്ത, പുന്നപ്പുള്ളി | 86.27 | 388 | 11604101543/ 8.6.16 | 776 | 388 |
| 13 | വസന്ത, പൊയ്യാറപ്പറമ്പിൽ | 132.57 | 398 | 11604101422/ 3.6.16 | 1193 | 795 |
| 14 | ഷെരീഫ മുതൽപേർ, മുസ്ലിയാൻവീട്ടിൽ | 123.89 | ക്രമവത്ക്കരണ ഫീ ഈടാക്കിയിട്ടില്ല | | 1115 (123.89x9) | 1115 |
| | ആകെ | | | | | 8033 |

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4)-ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം. 229813/RD/2/15 ത.സ്വ.ഭ.വ. തിയ്യതി.11.11.15 പ്രകാരം ക്രമവത്ക്കരണ അപേക്ഷകളിന്മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ വരവ് നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞവ കൂടാതെ ശ്രീ.ആന്റണി & ലീല ആന്റണി കളരിക്കൽ, കാരായിവട്ടം എന്നവർക്ക് നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് ഒരു കടമുറിയും ഒരു റസിഡൻഷ്യൽ അപ്പാർട്ട്മെന്റും പണിതിട്ടുണ്ട് (18.05ച.മീ+54.46ച.മീ=72.51ച.മീ.). ആയത് രണ്ട് എണ്ണത്തിനും വസ്തു നികുതി പ്രത്യേകം അസസ്സ് ചെയ്തതായി കാണുന്നു. എന്നാൽ പെർമിറ്റ് എടുക്കാതെ പണിത 18.05 ച.മീ വിസ്തീർണ്ണത്തിനു മാത്രമേ ക്രമവത്ക്കരണം ഫീ ഈടാക്കികാണുന്നുള്ളൂ. 54.46 ച.മീ ക്രമവത്ക്കരണ ഫീ ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 24/24.10.17-നുള്ള മറുപടിയിൽ 320 A, B എന്നീ കെട്ടിടങ്ങൾക്ക് രസീത് നം. 11604101758/ 16.6.16 പ്രകാരം 344/- രൂപ ഈടാക്കിയിട്ടുണ്ടെന്നും കുറവ് തുക അപേക്ഷകനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഷെരീഫ മുതൽപേർ, മുസലായാൻ വീട്ടിൽ എന്നവരുടെ 22/3/16 ലെ അപേക്ഷ പ്രകാരം സർവ്വെ നമ്പർ 256/9-ൽ 123.89 ച.മീ.ൽ പണി പൂർത്തീകരിച്ച വാസഗൃഹത്തിന് IX/423-B ആയി നികുതി നിർണ്ണയിച്ചിട്ടുണ്ട്. റഗുലറൈസേഷൻ അപേക്ഷ നല്കിയെങ്കിലും പെർമിറ്റ്ഫീ ഈടാക്കിയിട്ടില്ല. 1115.01/- (123.89x9) രൂപ ഈടാക്കേണ്ടതാണ്.

സുശീല രാഘവൻ, കാരയിൽ, എന്നവർക്ക് 143.24 ച.മീ. വീട് നിർമ്മിക്കുന്നതിന് BA(2235)/2014/5.9.14 പ്രകാരം പെർമിറ്റ് നല്കിയിട്ടുണ്ട്. നികുതി നിർണ്ണയിച്ചിരിക്കുന്നത് 154.3 ച.മീ.-ന് അധിക നിർമ്മിതിയ്ക്കു 11.06 (154.3-143.24) റഗുലറൈസേഷൻ ഫീ 11.06x6=67 ഈടാക്കേണ്ടതാണ്.

സുകുമാരൻ എന്നവർക്ക് A5/3862/2014-15 തീ.26.5.14 പ്രകാരം 179.32 ച.മീ. വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് നല്കിയിട്ടുണ്ട്. നികുതി നിർണ്ണയിച്ചിരിക്കുന്നത് 208.81 ച.മീ.ന്. അധിക നിർമ്മിതിയ്ക്കു 29.49 (208.81-179.32) റഗുലറൈസേഷൻ ഫീ 29.49x6=176.94 ഈടാക്കേണ്ടതാണ്.

2016-17 വർഷം കെട്ടിട നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നല്കുകയും, എന്നാൽ ക്രമവത്ക്കരണം ഫീ കുറവായി ഈടാക്കിയിട്ടുള്ളതുമായ എല്ലാ ഫയലുകളും പുനപരിശോധന നടത്തി കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-3 വാടക കുടിശ്ശിക ഈടാക്കുന്നതിൽ കാലതാമസം

ഷോപ്പിങ്ങ് കോംപ്ലക്സ് -വാടക കുടിശ്ശിക

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിൽ കെട്ടിട നമ്പർ IV/163 – IV/200 വരെ 34 കട മുറികൾ വാടകയ്ക്കു നല്കിയിട്ടുണ്ട്. 2016-17-ൽ ടി മുറികളുടെ വാടക നല്കുന്നതിൽ കുടിശ്ശിക വരുത്തിയവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടകക്കാരന്റെ പേര്, വിലാസം | കുടിശ്ശിക വരുത്തിയ മാസം | പ്രതിമാസ വാടക | കുടിശ്ശിക വരുത്തിയ തുക |
|---|---|---|---|---|
| IV/163 | ശശി.പി.എസ്., പുളിക്കൽ ഹൗസ് | 1/17-3/17 | 4435 | 13305 (3x4435) |
| IV/165 | പട്ടാലി മോഹനൻ മകൻ ഷിജിൻ | 12/16-3/17 | 2221 | 8884 (4x2221) |
| IV/171 | രഞ്ജൻ, പാറമ്പിൽ | 5/16-3/17 | 1313 | 14443 (1313x11) |
| IV/179 | മോഹനൻ, പട്ടാലി | 1/17-3/17 | 800 | 2400 (800x3) |
| IV/192 | ജിജോ ആലപ്പാട്ട് | 3/17 | 1230 | 1230 |
| IV/197 | മുരുകാനന്ദൻ, കാഞ്ഞിര പറമ്പിൽ | 4/16-3/17 | 4824 | 57888 (4824x12) |
| IV/198 | രാമചന്ദ്രൻ, തെക്കിനിയേടത്ത് | 4/16-3/17 | 3215 | 38580 (3215x12) |
| IV/200 | മീര ആനന്ദൻ , കാഞ്ഞിര പറമ്പിൽ | 4/16-3/17 | 4022 | 48264 (4022x12) |
| ആകെ | | | | 184994 |

മേൽ കണക്കുകൾ പ്രകാരം തൻ വർഷം ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നുള്ള വാടക കുടിശ്ശിക 184994/-രൂപയാണ്.

മുരുകാനന്ദൻ, രാമചന്ദ്രൻ, മീര ആനന്ദൻ എന്നിവർ തൻവർഷം വാടക ഒന്നും തന്നെ അടവാക്കിയിട്ടില്ല. 2017-18-ലും ഇവർക്ക് തന്നെയാണ് വാടകയ്ക്കു നല്കിയിരിക്കുന്നത്. ബൈലോ ഖണ്ഡിക 17, 18, 19-ലെ നിബന്ധനകൾ പ്രകാരം വാടക കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക തുക പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല.

കുടിശ്ശിക തുക പൂർണ്ണമായും (പിഴപ്പലിശ സഹിതം) പിരിച്ചെടുക്കേണ്ടതും, വാടക അടവാക്കുന്നതിൽ വീഴ്ച

വരുത്തിയവരെ ഒഴിവാക്കി കടമുറികൾ പുനർലേലം ചെയ്ത് നല്കി പഞ്ചായത്തിന് വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിട നമ്പർ IV/176 (ആനന്ദൻ എങ്ങണ്ടൂർ) 2015-16-ൽ വാടകയ്ക്ക് നല്കിയിട്ടുള്ളത് 1068/- (പ്രതിമാസം) രൂപയ്ക്കാണ്. ബൈലോ പ്രകാരം 5% വർദ്ധനവ് വരുത്തുമ്പോൾ 2016-17-ലെ പ്രതിമാസ വാടക 1121/- രൂപയാണ്. എന്നാൽ ഈടാക്കിയിരിക്കുന്നത് 1112/- രൂപയാണ്. കുറവ് വന്ന തുക ഈടാക്കുവാനും 2017-18-ൽ ആനുപാതികമായ മാറ്റം വരുത്തുവാനും ഓഡിറ്റ് എൻക്വയറി (18/24.10.17) പ്രകാരം നിർദ്ദേശിച്ചിരുന്നു. തുടർന്ന് കുറവ് വന്ന 108/-രൂപ (9x12) രസീത് നമ്പർ 117100100532/ 26.10.17 പ്രകാരവും, 2017-18 വർഷത്തെ വാടകയിൽ വർദ്ധനവ് വരുത്തി 4/17-10/17 വരെയുള്ള 63(9x7) രൂപ രസീത് നമ്പർ 1171001005332/6.10.17 പ്രകാരവും ഈടാക്കിയിട്ടുണ്ട്.

<u>മത്സ്യമാർക്കറ്റിലെ വാടക വർദ്ധനവ് വരുത്തിയിട്ടില്ല</u>

മത്സ്യമാർക്കറ്റിലെ കെട്ടിട നമ്പർ IV/531A മുതൽ IV/531G വരെയുള്ള 7 കടമുറികളിൽ 4 എണ്ണം പ്രതിമാസം 2000 രൂപയ്ക്കാണ് വാടകയ്ക്ക് നല്കിയിരിക്കുന്നത്. 2015-16-ലും ഇതേ നിരക്കിലാണ് നല്കിയിട്ടുള്ളത്. ബൈലോ പ്രകാരമുള്ള 5% വർദ്ധനവ് വരുത്തിയിട്ടില്ല. വാടകയിൽ വർദ്ധനവ് വരുത്തി കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

മത്സ്യ മാർക്കറ്റിലെ കെട്ടിട നമ്പർ IV/531A-ന്റെ വാടകക്കാരനായ ത്യാഗരാജൻ കോണിക്ക പറമ്പിൽ എന്നയാൾ 1/17-3/17 വരെയുള്ള വാടക 6000/- രൂപ 2/6/17-ലാണ് അടവാക്കിയിട്ടുള്ളത്. വാടക കുടിശ്ശിക വരുത്തുമ്പോൾ ബൈലോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായിക്കാണുന്നു.

മത്സ്യമാർക്കറ്റിലെ കെട്ടിട നമ്പർ IV/531B, D, E എന്നിവ തൻവർഷം വാടകയ്ക്ക് നല്കിയിട്ടില്ല. എത്രയും വേഗം ഇവ ലേലം ചെയത് വാടകയ്ക്ക് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് നല്കൽ - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിലെ 20 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഡി.ആന്റ്. ഒ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. (സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, വ്യാപാര, വാണിജ്യ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവ) ആയതിനാൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ആയത് അടവാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്നും ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ

നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കിയോ എന്നും പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്നും ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്, സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സൂപ്പർമാർക്കറ്റുകൾ, ടെക്സ്റ്റൈയിൽസുകൾ, ഹോട്ടലുകൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

തൊഴിൽ നികുതി സ്റ്റേറ്റുമെന്റുകൾ സ്ഥാപനങ്ങൾ നല്കുമ്പോൾ ആയതിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കാണുന്നില്ല. മിക്ക സ്ഥാപനങ്ങളും അടിസ്ഥാന ശമ്പളം മാത്രമേ ഉൾപ്പെടുത്തിക്കാണുന്നുള്ളൂ. ക്ഷാമ ബത്ത, മറ്റ് അലവൻസുകൾ, ലീവ് സറണ്ടർ എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ ഇവർ അടവാക്കുന്ന തൊഴിൽ നികുതി വരുമാനത്തിന് ആനുപാതികമാണ് എന്ന് ഉറപ്പ് വരുത്തുവാൻ കഴിയാതെ വരുന്നു. മാത്രമല്ല ആദ്യ പകുതിയിൽ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നവർ രണ്ടാം പകുതിയിൽ സ്ഥാപനത്തിൽ തുടരുന്നില്ലായെങ്കിൽ ആ വിവരം മിക്കസ്ഥാപനങ്ങളും സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. മതിയായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ സ്റ്റേറ്റുമെന്റുകൾ സ്വീകരിക്കേണ്ടതും ഇതുവഴി വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിലധികം സേവനം അനുഷ്ഠിച്ചിട്ടുള്ള അഡ്വക്കേറ്റുമാർ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13-17 പ്രകാരം സ്ഥാപന ഉടമകളിൽ നിന്ന് നികുതിദായകരുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ചട്ടം 18, 19 പ്രകാരം ഡിമാന്റ് നോട്ടീസ് നല്കിയതിന്റെയും അടിസ്ഥാനത്തിലും തൊഴിൽ നികുതി ഈടാക്കാത്തതാണ് മേൽ അപാകതകൾക്ക് കാരണം.

പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കുകയും തൊഴിൽ നികുതി ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-6 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥപനങ്ങൾ 2016-17 വർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അടവാക്കേണ്ട അർദ്ധവർഷം | തുക |
|---|---|---|
| സപ്ലൈക്കോ താലൂക്ക് ഡിപ്പോ, എടമുട്ടം | I&II | 2500 |
| സ്റ്റേറ്റ് വെയർ ഹൗസ്, നാട്ടിക | I&II | 2500 |
| പഞ്ചാബ് നാഷണൽ ബാങ്ക്, വലപ്പാട് | II | 1250 |
| സിൻഡിക്കേറ്റ് ബാങ്ക്, വലപ്പാട് | I&II | 2500 |
| എടമുട്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | II | 1250 |

| ആകെ | | 10000 |
|---|---|---|

<u>വ്യക്തിഗത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.ശ്രീനാഥ്, ഡ്രൈവർ ശ്രീ.ഷാജി.പി.വി എന്നിവരിൽ നിന്നും 2016-17 I&II അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ ആരോഗ്യ കേന്ദ്രം, വലപ്പാട് സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ അടിസ്ഥാന ശമ്പളം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ക്ഷാമബത്ത, ഉത്സബത്ത, ബോണസ് എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവർ അടവാക്കിയ തൊഴിൽ നികുതി പുനപരിശോധിച്ച് യഥാർത്ഥ വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 19/24.10.17)

## 2-7 <u>പഞ്ചായത്ത് ഡി&ഒ ലൈസൻസ് നല്കിയ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു</u>

ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 5 കുതിര ശക്തിയിൽ കൂടിയ യന്ത്രമുപയോഗിച്ച് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് നല്കിയിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 12 (3) (ഡി) പ്രകാരം 5 കുതിരശക്തിയിൽ കൂടുതൽ കുതിരശക്തിയിൽ യന്ത്രമുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇതര സ്ഥാപനങ്ങളിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമുള്ളതും ആയത് ഡി&ഒ ലൈസൻസ് അപേക്ഷയോടൊപ്പം പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ലൈസൻസിനായി ലഭിച്ച ഇത്തരം സ്ഥാപനങ്ങൾ ഒന്നും തന്നെ സാനിട്ടറി സർട്ടിഫിക്കറ്റല്ലാതെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടില്ല. ഏതാനും സ്ഥാപനങ്ങളുടെയും ആവശ്യമായ സാക്ഷ്യപത്രങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നമ്പർ | പേര് വിവരം | സ്ഥാപനം | ലഭ്യമാക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രം |
|---|---|---|---|
| 60 | കെ.എ.ജയന്തൻ, കുന്നങ്ങൽ വീട് | അൽ അമീൻ ഐസ്&അലയ്ഡ് ഇൻഡസ്ട്രീസ് 50 HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ& എക്സ്പ്ലോഷൻ വകുപ്പിന്റെയും |
| 35 | ടി.ആർ ജോർജ്, തറയിൽ | സെന്റ്. സേവിയേഴ്സ് ഇൻഡസ്ട്രീസ് | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |
| 32 | പ്രഭാകരൻ.പി.കെ, പൊയ്യാറ | മുരിയാംതോട് ഫ്ളവർ മിൽ 10HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |

| | | | |
|---|---|---|---|
| 40 | കെ.വി.മോഹനൻ, കൊട്ടുക്കൽ | കൊട്ടുക്കൽ എഞ്ചിനീയറിങ്ങ് | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |
| 47 | പി.കെ.ഏകലവ്യൻ | മണപ്പുറം അഗ്രോ ഫാംസ് ലിമിറ്റഡ് ഓയിൽ മിൽ 45HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ& എക്സ്പ്ലോഷൻ വകുപ്പിന്റെയും |
| | വിൻസന്റ്& മേരി വിൻസന്റ് | ലോയ്ഡ്സ് ഇൻസ്റ്റൃട്ട് ഓഫ് ടെക്നോളജി 24HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |
| | കെ.കെ.തിലകൻ, കരുമത്തിൽ | ത്രീസ്റ്റാർ ഫ്ളവർ മിൽ 10HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |
| | ജോഷിനാഥൻ അരയംപറമ്പിൽ | ബ്രഡ് നിർമ്മാണം 9HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ |
| 189 | ടി.ആർ.സോമസുന്ദരൻ തട്ടുപറമ്പിൽ | വുഡ് പാക്കേജ് ഇൻഡസ്ട്രി 27HP | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഫയർ&എക്സ്പ്ലോഷൻ വകുപ്പിന്റെയും |

ഡി&ഒ ലൈസൻസ് നൽകുമ്പോൾ മതിയായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-8 ഡി&ഒ ലൈസൻസ് നല്കൽ - വരുമാനത്തിന് ആനുപാതികമായ ഫീ ഈടാക്കിയില്ല

ശ്രീ.വി.പി.നന്ദകുമാർ, വാഴപ്പുള്ളി ഹൗസ്, പത്മസരോജ് എന്നവരുടെ ഉടമസ്ഥതയിലുള്ള മാ കെയർ മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഡി&ഒ ലൈസൻസ് ഫീ ആയി 300/- (രസീത് നമ്പർ 11604100118/ 5.4.16) രൂപയാണ് ഈടാക്കിയിട്ടുള്ളത്. അപേക്ഷ പ്രകാരം പ്രതിദിന വിറ്റുവരവ് 20000/- രൂപയാണ്. ഇതിന് ആനുപാതികമായി ഈടാക്കാവുന്ന പരമാവധി ഫീസ് 500/- രൂപയാണ്. 200/- രൂപ കുറവ് ഈടാക്കിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് രസീത് നമ്പർ 11710010045/ 24.10.17 പ്രകാരം അടവാക്കി.

## 2-9 തൊഴിൽ നികുതി (ജീവനക്കാർ ) ഈടാക്കിയതിലെ അപാകത

എടമുട്ടം എസ്.വി.യു.പി. സ്കൂൾ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം ടി സ്കൂളിലെ അധ്യാപികയായ ശ്രീമതി.എം.ലതിക 1.4.16 മുതൽ 31.5.16 (61ദിവസം) ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 31.5.16-ൽ വിരമിച്ചതിനാൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 204(1) പ്രകാരം 60 ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പരിധിയിൽ സേവനം

അനുഷ്ഠിച്ചതിനാൽ ഈ കാലയളവിലെ വരുമാനമായ 87425/- രൂപക്ക് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 18/24.10.17 പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 750/- രൂപ രസീത് നമ്പർ 11710010053l/ 26.10.17 പ്രകാരം അടവാക്കി.

## 2-10 പരസ്യനികുതി ഈടാക്കി തുടങ്ങിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ, ചുവരിൻമേലോ, പരസ്യപ്പലകയിൻമേലോ, എടുപ്പിൻമേലോ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും, വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി ചുമത്താവുന്നതാണ്. നിരവധി വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നാളിതുവരെ പരസ്യനികുതി ചുമത്തിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/24.10.17-നുള്ള മറുപടിയിൽ ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും 25.10.17-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ നികുതി പിരിക്കുവാൻ ക്വട്ടേഷൻ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പരസ്യനികുതി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-11 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത

കെട്ടിട നികുതി നിർണ്ണയ ഫയൽ നമ്പർ എ3/5704/16 പ്രകാരം ശ്രീ.ജയന്തൻ, കുന്നങ്ങൽ, അഞ്ചങ്ങാടി എന്നയാൾ കെ.എം.ബി.ആർ. പ്രകാരം 249.12 ച.മീ. വിസ്തീർണ്ണത്തിൽ വീട് പണി പൂർത്തീകരിച്ചതായും ആയതിന് നമ്പർ അനുവദിക്കാവുന്നതാണെന്നും എൽ.എസ്.ജി.ഡി ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയ രേഖകൾ പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഫോം 6-ൽ 99 ച.മീ.ന് 214 രൂപയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 27/24.10.17) മറുപടിയിൽ മാനുവലായി 249.12 ച.മീ. വിസ്തീർണ്ണത്തിന് നികുതി കണക്കാക്കിയിട്ടുണ്ടെന്നും, ആയത് 27.7.16-ലെ രസീത് നമ്പർ 11604102863 (1645+53 എൽ.സി) പ്രകാരം അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നികുതി നിർണ്ണയ സമയത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ടാക്സ് റിവിഷൻ നടത്താൻ വിട്ടുപോയതാണെന്നും ആയത് ഓഡിറ്റ് എൻക്വയറി നല്കിയതിനു ശേഷം ഭേദഗതി വരുത്തിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കെട്ടിട നികുതി പഞ്ചായത്തിന് കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി വരുമാനമാണ്. അശ്രദ്ധമൂലം മേൽ പ്രകാരം അപാകതകൾ സംഭവിക്കുക വഴി പഞ്ചായത്തിന് തുടർച്ചയായി വരുമാന നഷ്ടം സംഭവിക്കാനിടയാകും. ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്നവരും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ഈ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതും അല്ലാത്ത പക്ഷം ഈ തരത്തിലുള്ള വരുമാന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ നടപ്പാക്കിയതിനുശേഷം സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റ് വരാത്ത തുക (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിവിഷൻ നടത്തുന്നതിന് മുൻപുള്ള ഡിമാന്റ് 99ച.മീന് 214 രൂപയാണ്) മാനുവലായി ഈടാക്കുവാൻ കഴിയുമോ? ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 2-12 ക്രിമറ്റോറിയം- രസീതി സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

1) വലപ്പാട് പഞ്ചായത്തിൻെറ കീഴിൽ 5-11-16 മുതൽ പ്രവർത്തിച്ച് വരുന്ന ശ്മശാനത്തിൽ നിന്നും 31-3-17 വരെ 112000/- രൂപ വരവുണ്ട്. എന്നാൽ രശീതി സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

2) മൃതദേഹ സംസ്കരണത്തിനായി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3) ക്രിമിറ്റോറിയം നടത്തിപ്പിനുള്ള ബൈലോ പ്രകാരം മൃതദേഹ സംസ്കരണത്തിൻെറ ചുമതല നൽകിയ ടി.ആർ വാസു എന്നവർ പഞ്ചായത്തുമായി കരാറിലേർപ്പെട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിലവിലുള്ള ഒരു ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ പുതിയ ശ്മശാനമായി കണക്കാക്കണമെന്ന് പറയുന്നു. ആയതിനാൽ ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചപ്പോൾ പ്രസ്തുത ചട്ടം 3(2) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി വാങ്ങിയിട്ടില്ല. മേൽ അനുമതി എത്രയും വേഗം ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-13 പഞ്ചായത്ത് ലൈബ്രറി - രസീതുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

വലപ്പാട് പഞ്ചായത്തിന്റെ ചുമതലയിലുള്ള പബ്ലിക്ക് ലൈബ്രറിയിൽ മൂന്ന് തരം മെമ്പർഷിപ്പ് ഉണ്ട്. ലൈഫ് ടൈം, എ-ക്ലാസ്സ്, ബി-ക്ലാസ്സ് എന്നിങ്ങനെ. ഇതിൽ ലൈഫ് ടൈം മെമ്പർഷിപ്പിന് 251/- രൂപയും, എ-ക്ലാസ്സ് മെമ്പർഷിപ്പിന് 87/-ഉം, ബി-ക്ലാസ്സ് മെമ്പർഷിപ്പന് 50/- രൂപയുമാണ് പിരിക്കുന്നത്. എ-ക്ലാസ്സ് മെമ്പർഷിപ്പ് വർഷം തോറും 36/-ഉം, ബി-ക്ലാസ്സ് മെമ്പർഷിപ്പ് വർഷം തോറും 24/- രൂപയും അടവാക്കി പുതുക്കണം. പുസ്തകം എടുത്ത് ഒരു മാസം കഴിഞ്ഞാൽ ഒരു ബുക്കിന് 3/- രൂപ വീതം ഫൈനും ഈടാക്കുന്നു. ഇതിനായി രസീതുകൾ ഉപയോഗിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായിക്കാണുന്നു.

1) രസീതു ബുക്കുകൾ പഞ്ചായത്ത് പ്രിന്റ് ചെയ്തു നല്കിയതാണോ, എന്ന് നല്കി, എത്രഎണ്ണം നല്കി, സ്റ്റോക്കിലെടുത്തത് എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തത ഇല്ല.

2) നിലവിൽ ഉപയോഗിക്കുന്ന രസീത് ബുക്കിന് നമ്പർ ഇല്ല, മാത്രമല്ല പേജുകൾക്കും നമ്പർ പ്രിന്റ് ചെയ്തിട്ടില്ല. പേജ് നമ്പർ മാനുവലായി രേഖപ്പെടുത്തിക്കാണുന്നു. 29/7/16 മുതൽ 21/7/17 വരെ ഉപയോഗിച്ചിട്ടുള്ള രസീത് ബുക്കിൽ 97 പേജുകളെ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. രസീത് ബുക്കിൽ പേജ് നമ്പർ സർട്ടിഫൈ ചെയ്തിട്ടില്ല. പേജ് നമ്പറുകൾ വെട്ടി തിരുത്തിയ നിലയിലും, രസീത് ബുക്കിലെ പേജുകൾ കീറിയ നിലയിലുമാണ് സൂക്ഷിച്ചിട്ടുള്ളത്. ഡബിൾസൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

3) കളക്ഷൻ പഞ്ചായത്തിൽ അടവാക്കുമ്പോൾ കൗണ്ടർ ക്ലർക്ക് കളക്ഷൻ രജിസ്റ്ററിൽ ഒപ്പിട്ടു വാങ്ങുന്നതല്ലാതെ മറ്റ് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരാരും രജിസ്റ്ററുകൾ പരിശോധന നടത്തിക്കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി 20/24.10.17 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-14 ടെണ്ടർ ഫോം വില 207100/- രൂപ ലഭ്യമായില്ല

2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ 23 പ്രവൃത്തികളിലായി ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട 154100/- രൂപയും, 2016-17 വർഷത്തിൽ 13 പ്രവൃത്തികൾക്കായി ലഭ്യമാകേണ്ട 53000/- രൂപയും കൂടി ആകെ 207100/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറിൽനിന്ന് ഇനിയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-15 ലേല വരവ് - ഫയലുകൾ പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല

വാർഷിക കണക്ക് പ്രകാരം 2016-17 വർഷം ലേല ഇനത്തിലുള്ള വരവ് 23990/- രൂപയാണ്. എന്നാൽ ലേല രജിസ്റ്റർ പ്രകാരമുള്ള വരവ് 24990/- രൂപയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലേല ഇനം | വ്യക്തിയുടെ പേര് വിവരം | തുക | റസീപ്റ്റ് നമ്പർ | കുറിപ്പ് |
|---|---|---|---|---|---|
| 1 | 10-ാം വാർഡ് മസ്ജിദ് റോഡ് - കാന നിർമ്മാണം - എടുത്ത മണ്ണ് ലേലം | സജിൽ അന്തിക്കാട്, പി.ഒ. കണ്ണംപുള്ളിപ്പുറം | 15250 | 11604100648/ 26.4.16 | ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| 2 | UPSNDP High School ന് സമീപം അപകടകരമായി നില്ക്കുന്ന പൂമരം മുറിച്ചു മാറ്റിയത് | വാസുദേവൻ | 3540 | 11604102350/ 11.7.16 | ,, |
| 3 | തിരുനെല്ലിക്കുളം - മീൻപിടിത്തം | സുനിൽ. ടി.ആർ., തെക്കിനിയേടത്ത് | 1500 | 11604105401/23.11.10 | - |
| 4 | 108-ാം നമ്പർ അംഗനവാടി കെട്ടിടം പൊളിച്ചുമാറ്റൽ | സുരേഷ് കാളത്തേർ | 2200 | 11604107871/ 31.3.17 | - |
| 5 | കോതക്കുളത്തിൽ മീൻപിടിത്തം | തിലകൻ.പി.കെ., പുതുവീട്ടിൽ | 2500 | 11604107807/ 30.3.17 | - |

ഓഡിറ്റ് എൻക്വയറി 24/24.10.17 പ്രകാരം ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഫയലുകൾ പൂർണ്ണമായും ഹാജരാക്കില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഫയലുകൾ ഹാജരാക്കി പ്രസ്തുത വരവിന്റെ കൃത്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പദ്ധതി

## മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ.

പ്രൊജക്ട് വിശദാംശങ്ങൾ : എ) S0023/17, വീട് ഗുണമേൻമ വർദ്ധനവ് മത്സ്യത്തൊഴിലാളി (ജനറൽ) അടങ്കൽ : 5,00,000/-, ചെലവ് : 5,00,000/-

ബി) S0024/17, വീട് ഗുണമേൻമ വർദ്ധനവ് (ജനറൽ), അടങ്കൽ : 10,00,000/-, ചെലവ് :10,00,000/-

സി) S0077/17, പഞ്ചായത്ത് ഭവനം ജനറൽ, അടങ്കൽ : 8,00,000/-, ചെലവ് : 5,00,000/-

മേൽ പദ്ധതികളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വിഭവ സ്രോതസ്സായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്.) നം.04/2016/ത.സ്വ.ഭ.വ. തി.11.01.2016, ഖ.8.2, ഖ.12.6 എന്നിവ പ്രകാരം അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും അടിസ്ഥാന സേവന സൗകര്യങ്ങളായ കുടിവെള്ള വിതരണം, ശുചിത്വം/ കക്കൂസ് മാലിന്യ പരിപാലനം, മലിനജലനിർഗ്ഗമന സംവിധാനങ്ങൾ / ഖരമാലിന്യം എന്നിവയുടെ പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം/പരിപാലനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം/പരിപാലനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡിനിരുവശത്തുമുള്ള നടപ്പാതകൾ, സ്ട്രീറ്റ് ലൈറ്റ്, ശ്മശാനങ്ങളുടെ ആരംഭിക്കൽ/സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി മാത്രമേ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളൂ. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണത്തിന് ടി ഫണ്ട് ഉപയോഗിക്കുവാൻ അനുമതിയില്ല. ആയതിനാൽ ടി ആവശ്യത്തിന് ചെലവഴിച്ച തുക 20,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്ന പദ്ധതി - അപാകതകൾ പരിഹരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രൊജക്ട് നമ്പർ : S0096/17

അടങ്കൽ : 4,00,000/-

ചെലവ് തുക : 2,02,500/-

ഫണ്ട് : 1,35,000/- (വികസനഫണ്ട് പൊതുവിഭാഗം), 67,500/- (ഗുണഭോക്തൃവിഹിതം)

ട്രഷറി ബിൽ നമ്പർ : 1/16-17 dt.31.03.17 (1,35000/-)

ചെക്ക് നമ്പർ : 1082381 തി.29.03.17

എ) മേൽ വിശദാംശങ്ങൾ പ്രകാരമുള്ള പദ്ധതിയിൽ 4500/- രൂപ വില വരുന്ന വല 45 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഗുണഭോക്തൃ വിഹിതമടക്കം ആകെ 2,02,500/- കയ്പമംഗലം മത്സ്യഫെഡ് സ്റ്റോറിന് നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ. തി.11.01.16, അനുബന്ധം 15.3.4(എ) 5 പ്രകാരം മത്സ്യബന്ധന വലക്ക് വിലയുടെ 50 ശതമാനമോ 3000 രൂപയോ ഏതാണോ കുറവ് അത് ആണ് സബ്സിഡിയായി നൽകാവുന്നത്. ഇതുപ്രകാരം മേൽ പദ്ധതിയിൽ 2250/- രൂപ ഒരു ഗുണഭോക്താവിൽ നിന്നും പിരിക്കേണ്ടതുണ്ട്. എന്നാൽ 45 ഗുണഭോക്താക്കളിൽ നിന്നും 1500/- രൂപ വീതം ആകെ 67,500/- രൂപ മാത്രമേ പിരിച്ചിട്ടുള്ളൂ. ആയതിനാൽ വികസന ഫണ്ടിൽ നിന്നും 33,750/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു. അധികം ചെലവു ചെയ്ത തുക 33750/- രൂപ നിരാകരിക്കുന്നു.

ബി) മത്സ്യഫെഡിന് നൽകിയ (2,02,500/-) തുകയിൽ നിന്നും 13,500/- രൂപ ജി.എസ്.ടി ഇനത്തിൽ ഈടാക്കിയതിനാൽ 3 ഗുണഭോക്താക്കൾക്ക് വല ലഭിച്ചിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് കൂടി വല ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ആരോഗ്യകുടുംബക്ഷേമപ്രവർത്തനങ്ങൾ- വാഹനത്തിന്റെ ഇന്ധനചെലവുകൾക്ക് വികസനഫണ്ട് പൊതുവിഹിതം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രൊജക്ട് നമ്പർ : S0105/17

അടങ്കൽ : 50,000/-

ചെലവ് തുക : 29950/-

ഫണ്ട് : വികസനഫണ്ട് (പൊതുവിഭാഗം)

ട്രഷറി ബിൽ നമ്പർ : 1/16-17 dt. 31.03.17

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 166-ാം വകുപ്പ്, 1 -ാം ഉപവകുപ്പ്, 3-ാം പട്ടിക പ്രകാരം സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്ന കാര്യങ്ങളാണ്. എന്നാൽ, 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം. 4/2016/ത.സ്വ.ഭ.വ. തി. 11.01.16, ഭാഗം 1, ഖണ്ഡിക 4.3 പ്രകാരം അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കാവുന്നതല്ല. എന്നാൽ, മേൽ പദ്ധതിയിലെ ആകെ ചെലവിൽ 15,950/- രൂപ വലപ്പാട് സി.എച്ച്.സി.യിലെ കെ.എൽ.01.ടി.8632 എന്ന വാഹനത്തിന് 12.04.16 മുതൽ 27.02.17 വരെയുള്ള കാലയളവിൽ ഇന്ധനം നിറച്ചതിന്റെ ചെലവാണ്. ടി ചെലവുകൾക്ക് മേൽസൂചിപ്പിച്ച ആക്ട്, ഉത്തരവ് എന്നിവ പ്രകാരം വികസന ഫണ്ട് ചെലവഴിക്കാവുന്നതല്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഇത്തരം ചെലവുകൾക്ക് തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സർക്കാർ ഉത്തരവുകൾ പ്രകാരം ലാപ് ടോപിന് അർഹതയില്ലാത്തവർക്കും ലാപ് ടോപ് നൽകി

പ്രൊജക്ട് നമ്പർ : S0095/17

പ്രൊജക്ടിന്റെ പേര് : പ്രൊഫഷണൽ കോഴ്സ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

അടങ്കൽ : 7,00,000/-, ഫണ്ട് : വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 6,69,732/-

ട്രഷറി ബിൽ : 29/16-17 dt. 24.03.17

2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി/സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) നം. 04/2016/ത.സ്വ.ഭ.വ. തി.11.01.2016, അനുബന്ധം 15, ഖ. 6.8.6 പ്രകാരം എഞ്ചിനീയറിംഗ്, മെഡിക്കൽ,

കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. സ.ഉ.(സാധാ)നം.2464/2016/ത.സ്വ.ഭ.വ. തി.17.08.16 പ്രകാരം ടി ആനുകൂല്യം എസ്.സി ബിരുദ വിദ്യാർത്ഥികൾക്കും പോളിടെക്നിക് ഡിപ്ലോമ വിദ്യാർത്ഥികൾക്കും അനുവദിക്കാവുന്നതാണ്. എന്നാൽ, മേൽപറഞ്ഞ ആനുകൂല്യം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ കെ.ജി.സി.ഇ. (സർട്ടിഫിക്കറ്റ് കോഴ്സ്), ഐ.ടി.ഐ. ഇലക്ട്രീഷ്യൻ ട്രേഡ്, ജനറൽ നഴ്സിംഗ് & മിഡ് വൈഫറി എന്നീ കോഴ്സുകളിൽ പഠിക്കുന്ന താഴെപ്പറയുന്ന 6 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ഏസർ ബ്രാൻഡ് ലാപ് ടോപ് ഒന്നിന് 23,919/- രൂപ നിരക്കിൽ - (22780 + 1139 (5% വാറ്റ്)) )

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | സ്ഥാപനം |
|---|---|---|---|
| 1 | ആതിര.പി.ആർ | കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ – സിവിൽ എഞ്ചിനീയറിംഗ് | സിമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ്, വാടാനപ്പള്ളി |
| 2 | ശില്പ സി.എം | കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ- ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് | വിക്ടറി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തൃശ്ശൂർ |
| 3 | ഗിരീഷ് ലാൽ | ഇലക്ട്രീഷ്യൻ ട്രേഡ് | ഗവൺമെന്റ് ഐ.ടി.ഐ, എടത്തിരുത്തി |
| 4 | വിബിൻ വേണുഗോപാൽ | ഇലക്ട്രീഷ്യൻ ട്രേഡ് | ഗവൺമെന്റ് ഐ.ടി.ഐ., എടത്തിരുത്തി |
| 5 | വിഷ്ണു.സി.ആർ | ഇലക്ട്രീഷ്യൻ ട്രേഡ് | ഗവൺമെന്റ് ഐ.ടി.ഐ., എടത്തിരുത്തി |
| 6 | മനീഷ ദീപ്തി | ജനറൽ നഴ്സിംഗ് & മിഡ് വൈഫറി | തൃശ്ശൂർ ജില്ലാ കോ ഓപ്പറേറ്റീവ് ആശുപത്രി, തൃശ്ശൂർ |

സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുത്താത്ത വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയത് ശരിയായ നടപടിയല്ല. ഇക്കാര്യം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 13/23.10.17-ന് ലഭിച്ച മറുപടിയിൽ 03.04.17-ലെ സ.ഉ.നം. (എം.എസ്) 80/2017/ത.സ്വ.ഭ.വ. പ്രകാരം

എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾക്ക് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തരബിരുദം) പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, പ്രസ്തുത മാർഗ്ഗരേഖ 2017-18 വർഷത്തേക്ക് ബാധകമായതാണ്. ആയതിനാൽ, 143514/- രൂപയുടെ ചെലവ് (23919 x 6) തടസ്സപ്പെടുത്തുന്നു.

## 3-5 എയ്ഡഡ് സ്കൂളുകളിലേക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ - സർക്കാർ അനുമതിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്, ജി.എഫ്.എൽ.പി.എസ്

പ്രൊജക്റ്റ് നമ്പർ : S0141/17

പദ്ധതി : സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ

അടങ്കൽ : 3,00,000/-, തനത് ഫണ്ട്

ചെലവ് തുക : 2,84,675/-

ചെക്ക് നമ്പർ : 2322614/ 23.03.17 (തുക-9360/-), 2322618/ 28.03.17 (59975/-), 1927125/ 29.03.17(60,000/-), 1927126/ 29.03.17 (56,000/-), 6479/29.03.17 (99340/-)

11 എയ്ഡഡ് സ്കൂളുകളിലേക്ക് മൈക്രോസ്കോപ്പ്, ശബ്ദതാരാവലി, ഗണിത കിറ്റ് എന്നിവ മേൽ പദ്ധതി പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

1) പള്ളിപ്രം അംശയോഗം എൽ.പി.സ്കൂൾ, വലപ്പാട്

2) സെന്റ് സെബാസ്റ്റ്യൻസ് ആർ.സി.എൽ.പി.സ്കൂൾ, വലപ്പാട്

3) ജി.ഡി.എം.എൽ.പി. സ്കൂൾ, വലപ്പാട്

4) എസ്.എൻ,എസ്.എൽ.പി. സ്കൂൾ, കഴിമ്പ്രം

5) യു.പി.സ്കൂൾ, കരയാമുട്ടം

6) സെന്റ മേരീസ് ആർ.സി.എൽ.പി സ്കൂൾ, വലപ്പാട്

7) ഷറഫുൾ ഇസ്ലാം എൽ.പി.സ്കൂൾ, പള്ളിപ്രം

8) ധർമ്മവിലാസം നോർത്ത് എൽ.പി.സ്കൂൾ

9) വിദ്യാവിലാസം യു.പി.സ്കൂൾ, വലപ്പാട്

10) എടമുട്ടം യു.പി.സ്കൂൾ, എടമുട്ടം

11) എസ്.വി.യു.പി. സ്കൂൾ, എടമുട്ടം

എയ്ഡഡ് സ്കൂളുകളിലേക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ അനുമതിയുള്ളതായി കാണുന്നില്ല. ടി പദ്ധതിയിൽ ചെലവഴിച്ച 2,84,675/- രൂപയിൽ 1,68,658/- രൂപയുടെ ചെലവു രേഖകൾ മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. മേൽ കാരണങ്ങളാൽ 2,84,675/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ : 15/23.10.17 (മറുപടി ലഭിച്ചില്ല)

## 3-6 കായിക പരിശീലനപദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്, ജി.എഫ്.എൽ.പി.എസ്

പ്രൊജക്ട് നമ്പർ : S0099/17

പദ്ധതി : കായിക പരിശീലനം

അടങ്കൽ : 6,00,000/-, വികസനഫണ്ട് പൊതുവിഭാഗം (3,00,000/-), സന്നദ്ധസേവനം /സംഭാവന – 3,00,000/-

ചെലവ് തുക : 2,97,521/-

ഫണ്ട് : 2,97,521/- (വികസനഫണ്ട് പൊതുവിഭാഗം)

ട്രഷറി ബിൽ നമ്പർ : 7/16-17 dt. 31.03.17 (1,71,021/-)
8/16-17 dt. 31.03.17 (126500/-)

i) വലപ്പാട് ഫുട്ബോൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഫുട്ബോൾ പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്ത മേൽ പദ്ധതിയിൽ 1,26,500/- രൂപയും ഗ്രൗണ്ട് അറേഞ്ച്മെന്റ്/ഹാന്റ് ലിംഗ് (33,000/-), പരിശീലനാർത്ഥികളുടെ ജഴ്സി വാഷിംഗ് ചാർജ്ജസ് (49,000/-), ടെക്നിക്കൽ ഡയറക്ടറുടെ വാഹനവാടക / റിഫ്രഷ് മെന്റ് ചാർജ്ജസ് (44,000/-) എന്നീ ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളത്. വലപ്പാട് ഗ്രാമപഞ്ചായത്തിലെ മാത്രം കുട്ടികളെ ഉദ്ദേശിച്ചുള്ള പരിശീലന പരിപാടിയായതിനാലും റസിഡൻഷ്യൽ മാതൃകയിലല്ല നിർവ്വഹണമെന്നതിനാലും പരിശീലനാർത്ഥികളുടെ ജഴ്സി വാഷിംഗ് പോലെയുള്ള കാര്യങ്ങൾക്ക് വികസനഫണ്ട് ഉപയോഗിക്കുന്നതിൽ ഔചിത്യമില്ല. ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ii) പരിശീലനാർത്ഥികൾക്കായി വിവിധ സ്പോർട്സ് സാമഗ്രികൾ വാങ്ങുന്നതിന് 1,71,021/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പോർട്സ് സിറ്റി, വലപ്പാട് എന്ന സ്ഥാപനത്തിൽ നിന്നും 150 പേർക്കാണ് സ്പോർട്സ് സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. വലപ്പാട് ഫുട്ബോൾ അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള പട്ടിക പ്രകാരം ആകെ 107 പരിശീലനാർത്ഥികളാണുള്ളത്. 150 പേർക്ക് സ്പോർട്സ് സാമഗ്രികൾ വാങ്ങിയതെന്തിനെന്ന് വ്യക്തമല്ല. ഒരാൾക്ക് 1140/- രൂപ പ്രകാരം 43 പേർക്ക് 49,020/- രൂപ അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ 49,020/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

iii) സ്പോർട്സ് കൗൺസിൽ പങ്കാളിത്തത്തോടെ പദ്ധതിക്കായി അംഗീകൃത യോഗ്യതകളുള്ള കോച്ചിനെ ചുമതലപ്പെടുത്തി കോച്ചിംഗ് നടത്തിയതായി കാണുന്നില്ല. ഈ ഇനത്തിൽ ചെലവുകളില്ല. മാസത്തിൽ 2 തവണ ടെക്നിക്കൽ ഡയറക്ടറുടെ (വിശദാംശങ്ങൾ ലഭ്യമല്ല) സന്ദർശനം മാത്രമാണുള്ളത്.

കായിക പരിശീലനപദ്ധതികൾ പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്ന രീതിയിൽ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ : 15/23.10.17 (മറുപടി ലഭിച്ചില്ല)

## 3-7 എസ്.എസ്.എ യിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - അധികം നൽകിയ തുക തുടർ വർഷത്തിൽ

## ക്രമീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ് മിസ്ട്രസ്, ജി.എഫ്.എൽ.പി.എസ്

പ്രൊജക്ട് : S0079/17, എസ്.എസ്.എ.ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ

2016-17 വർഷത്തേക്ക് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആകെ ചെലവായി സർവ്വശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർ കണക്കാക്കി നൽകിയ തുക 2400624/- രൂപയാണ്. ആയതിന്റെ 40% ആയ 960250/- രൂപയാണ് ടി പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിഹിതം. ടി തുക ട്രഷറി ബിൽ നമ്പർ 01/16-17 തി.24.10.16 പ്രകാരം എസ്.എസ്.എ.ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.എ നൽകിയ 2016-17 വർഷത്തേക്കുള്ള വിനിയോഗപത്രിക പ്രകാരം ആകെ ചെലവ് 16,76,080/- രൂപയാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് നൽകേണ്ട തുക 6,70,432/- രൂപ മാത്രമാണ് (16,76,080/- x 40%). അധികം നൽകിയ 2,89,818/- രൂപ തുടർ വർഷത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഒരു പ്രവൃത്തി രണ്ടായി ടെണ്ടർ ചെയ്തതിനാൽ നഷ്ടം സംഭവിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ - 19/17- ആയുർവേദ ആശുപത്രി മെയിന്റനൻസ്

എം.ബി. നം 44/15-16

കരാറുകാരൻ -ശ്രീ സി.കെ.കാർത്തികേയൻ

ട്രഷറി ബിൽ നമ്പർ - 1/29-9-16 Rs.99412/-

മേൽ പദ്ധതിക്കായി 2015-16 വർഷത്തിൽ 3 ലക്ഷം രൂപയുടെ (App-1 Rs.200000/- + App-2 Rs.100000/-) എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ App-1 മാത്രമായി 2015-16-ൽ ടെണ്ടർ ചെയ്യുകയും 13% കുറവിൽ ശ്രീ സി.കെ.കാർത്തികേയൻ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുകയും 173440/- രൂപ അനുവദിക്കുകയുമുണ്ടായി.

2016-17 വർഷത്തിൽ സ്പിൽ ഓവറായി ബാക്കി തുകയായ 126560/- (300000 (-)173440=126560/-) പദ്ധതിക്കായി വകയിരുത്തി App-2 വിന് മാത്രമായി ടെണ്ടർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ.കാർത്തികേയനെ തന്നെ പ്രവൃത്തി ഏല്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്കായി 2016-17-ൽ 99412/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒറ്റ എസ്റ്റിമേറ്റായി തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തി രണ്ടായി ടെണ്ടർ ചെയ്തതിനാൽ ലഭിക്കേണ്ടിയിരുന്ന ടെണ്ടർ കുറവ് നഷ്ടപ്പെടുകയും, രണ്ടാമത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യേണ്ടിയും വന്നു. ഈയിനത്തിൽ ഇപ്രകാരം 12924/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് (99412x13%).

എസ്റ്റിമേറ്റ് App-1, App-2 എന്നിങ്ങനെ രണ്ട് ഭാഗമായി തയ്യാറാക്കിയത് മെയിൽ വാർഡ്, ഫീമെയിൽ വാർഡ് എന്നിവക്ക് വേണ്ടിയാണെന്നും, ഇവയിൽ ഒരേസമയം പ്രവൃത്തി നടന്നാൽ രോഗികൾക്ക് ബുദ്ധിമുട്ടാകുമെന്നുള്ളതിനാലാണ് രണ്ടാക്കി ചെയ്യാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതെന്നും, ഒന്നായി ടെണ്ടർ ചെയ്താൽ 13% ലഭിക്കുമായിരുന്നെന്ന് ഉറപ്പില്ലെന്നുമാണ് ഇക്കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത് (ഓഡിറ്റ് എൻക്വയറി നം.10/19-10-17-ന് നല്കിയ മറുപടി). ഒന്നായി ടെണ്ടർ ചെയ്യുകയും, മെയിൽ വാർഡ് ചെയ്ത് സൈറ്റ് വൃത്തിയാക്കിയതിനുശേഷം മാത്രം ഫീമെയിൽ വാർഡിന്റെ പ്രവൃത്തി ആരംഭിക്കണമെന്ന് എഗ്രിമെന്റിൽ ഒരു കണ്ടീഷൻ ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിൽ

മേൽപ്രകാരം സംഭവിച്ച നഷ്ടം ഒഴിവാക്കാമായിരുന്നു. മേലിൽ ടെണ്ടർ നടത്തുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നഷ്ടം വന്ന 12,924/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 പുതിയ റോഡുകളുടെ നിർമ്മാണം - മുഴുവൻ രേഖകളും ലഭ്യമല്ല

2016-17 വർഷത്തിൽ പുതുതായി നിർമ്മിച്ച താഴെ പറയുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർ.ഡി.ഒ., വില്ലേജ് അതോറിറ്റി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന രേഖകളുടെ അഭാവത്തിൽ വിട്ടുകിട്ടിയ ഭൂമിയുടെ തരം, ഇനം എന്നിവ അറിയാനാകുന്നില്ല. ആയതുകൊണ്ടുതന്നെ ഇവ മണ്ണിട്ട് നികത്താൻ സാധിക്കുന്ന ഭൂമിയാണോ എന്നും മനസ്സിലാക്കാനാകുന്നില്ല. ആവശ്യമായ രേഖകൾ ലഭ്യമാകുന്നതിനുമുൻപ് റോഡുനിർമ്മാണം നടത്തുന്നത് ക്രമ പ്രകാരമല്ല. ആർ.ഡി.ഒ, വില്ലേജ് അതോറിറ്റി എന്നിവിടങ്ങളിൽനിന്നും റിപ്പോർട്ട് ലഭ്യമാകാൻ കാലതാമസം വരുന്നതിനാലും, മേൽപ്രകാരമുള്ള റോഡുകൾ ജനങ്ങൾക്ക് വളരെ അത്യാവശ്യമായതിനാലുമാണ് ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയത് എന്നാണ് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചത്. ഭൂമിയുടെ ഇനം, തരം എന്നിവ വ്യക്തമായി അറിഞ്ഞതിനു ശേഷം മാത്രമേ ഇത്തരം ഭൂമി നികത്തി റോഡു നിർമ്മാണം നടത്താവൂ. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. ബി.എഡ്. റോഡ് - വാർഡ് 5

2. മീഞ്ചന്ത ഹൈസ്കൂൾ കോതകുളം ലിങ്ക് റോഡ്.

3. അവേഴ്സ് റോഡ്

4. ഇ.കെ.നായനാർ റോഡ്.

5. മണ്ടേല ലിങ്ക് റോഡ്.

6. എസ്.സി. തൊഴിൽ പരിശീലന കേന്ദ്രത്തിലേക്കുള്ള റോഡ്.

7. നാഗരാജ റോഡ്.

8. ഫാൽക്കൻ റോഡ്.

9. നന്മ റോഡ് - വാർഡ് 13

## 3-10 റോഡുനിർമ്മാണം - മണ്ണ് ഫില്ലിംഗിന് അധിക നിരക്ക് നല്കി

2016-17-ലെ പുതിയ റോഡുകളുടെ നിർമ്മാണത്തിൽ ക്വാറി മക്ക് ഉപയോഗിച്ച് റോഡ് ഉയർത്തിയശേഷം അതിനു മുകളിൽ 5cm കനത്തിൽ മണ്ണ് ഫില്ലിംഗ് നടത്തുന്നു. ഇത്തരം മണ്ണ് ഫില്ലിംഗിന് DSR ഇനം 50.2.26.1 എന്ന ഡാറ്റ ഉപയോഗിക്കേണ്ടതിനു പകരം DSR ഇനം 51.2.2 എന്ന ഡാറ്റ പ്രകാരമുള്ള നിരക്ക് അനുവദിച്ചു. 51.2.2 എന്നത് സാധാരണ മണ്ണ് ഫില്ലിംഗിനുള്ള ഡാറ്റയല്ല, മറിച്ച് മണ്ണൊലിപ്പിനും മറ്റും സാധ്യതയുള്ള സ്ഥലങ്ങളിൽ മൺതിട്ടയുണ്ടാക്കി റോഡ് നിർമ്മിക്കുന്നതിനാണ്. ഇതിൽ ഓരോ 20cm കനത്തിലും റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ നല്കിയിരിക്കുന്നു. എന്നാൽ കേവലം 5cm കനത്തിലുള്ള മണ്ണ് ഫില്ലിംഗിന് ഇനം 50.2.26.1 പ്രകാരമുള്ള നിരക്ക് മാത്രമേ അനുവദിക്കേണ്ടതുള്ളൂ. അഡീഷണൽ കൺസോളിഡേഷൻ നല്കിയാൽപോലും 51.2.2 നേക്കാൾ വളരെ കുറഞ്ഞ നിരക്ക് മാത്രമേ വരികയുള്ളൂ. (51.2.2-നിരക്ക് Rs.732/m3, 51.2.26.1 നിരക്ക്-Rs.273.47/m3). ഈയിനത്തിൽ താഴെ പറയും പ്രകാരം അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 148/17-മീഞ്ചന്ത ഹൈസ്കൂൾ കോതകുളം റോഡ് | 72m3x732.29= 52725 | 72m3x273.47= 19690 | 33035 | MBNo.9/16-17 കരാറുകാരൻ- ഇ.കെ.വിശ്വനാഥൻ |
| 2 | 58/17- വോൾഗ തങ്ങൾപടി റോഡ് | 94.5m3x732.29= 69201 | 94.5x273.47= 25843 | 43358 | MBNo.17/16-17 കരാറുകാരൻ- ഇ.എൻ.ഉണ്ണികൃഷ്ണൻ |
| 3 | 117/17-എളവാരം പാലപ്പെട്ടി റോഡ് ഫില്ലിംഗ് | 45m3x732.29= 32953 | 45m3x273.47= 12306 | 20647 | MBNo.19/16-17 കരാറുകാരൻ- പി.ബി.സിദ്ധിക്ക് |
| 4 | 147/17-SC തൊഴിൽ പരിശീലന കേന്ദ്രത്തിലേക്കുള്ള റോഡ് | 48m3x732.29= 35150 | 48x273.47= 13127 | 22023 | MBNo.26/16-17 സി.കെ.കാർത്തികേയൻ |
| 5 | 35/17- ടാഗോർ റോഡ് നിർമ്മാണം | 40.5x732.29= 29658 | 40.5x273.47= 11076 | 18582 | MBNo.35/16-17 കരാറുകാരൻ- വി. ഉണ്ണികൃഷ്ണൻ |
| 6 | 150/17- ഫാൽക്കൻ റോഡ് | 29.57x732.29= 21654 | 29.57x273.47= 8087 | 13567 | MBNo.28/16-17 കരാറുകാരൻ - ഇ.എൻ ഉണ്ണികൃഷ്ണൻ |
| 7 | 39/17- ഇ.കെ. നായനാർ റോഡ് | 34.95x732.29= 25594 | 34.95x273.47= 9558 | 16036 | MBNo.23/16-17 കരാറുകാരൻ- സി.വി. രാജേഷ് |
| | ആകെ | | | 167248 | |

അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ - ഒരേ ഇനം പ്രവൃത്തികൾക്ക് വ്യത്യസ്ത സെക്ഷനുകളിൽ വ്യത്യസ്ത നിരക്കുകൾ ഈടാക്കി

പ്രോജക്റ്റ് നമ്പർ - 27/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ട്രഷറി ബിൽ നമ്പർ - 22/28-3-17 Rs.192035/-

" 24/29-3-17Rs.118451/-

" 25/29-3-17Rs.1043195/-

മേൽപദ്ധതിക്കായി കയ്പമംഗലം, വലപ്പാട്, തൃപ്രയാർ എന്നീ സെക്ഷനുകളിലായി എസ്റ്റിമേറ്റ് പ്രകാരം

താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

കയ്പമംഗലം - Rs.192035/-

വലപ്പാട് - Rs.1043195

തൃപ്രയാർ - Rs. 118451

എന്നാൽ ഈ മൂന്ന് സെക്ഷനുകളിലെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഒരേ ഇനങ്ങൾക്ക് വ്യത്യസ്ത സെക്ഷനുകളിൽ വ്യത്യസ്ത നിരക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

Adding one conductor for street main on the existing poles എന്ന ഇനത്തിന് കയ്പമംഗലം, വലപ്പാട് സെക്ഷനുകളിൽ മീറ്ററിന് 70 രൂപ നിരക്കും, തൃപ്രയാർ സെക്ഷനിൽ 90 രൂപ എന്ന നിരക്കുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ Post insertion in HT line എന്ന ഇനത്തിന് മറ്റ് സെക്ഷനുകളിൽ Rs.14400/post എന്ന നിരക്കും, തൃപ്രയാർ സെക്ഷനിൽ Rs.16550/post എന്ന നിരക്കുമാണ്. മറ്റ് സെക്ഷനുകളിൽ Double tube fitting-ന് installation charge, cost of material, supervision charge എന്നിവയടക്കം ഒന്നിന് 3600/- രൂപയും, തൃപ്രയാർ സെക്ഷനിൽ സൂപ്പർവിഷൻ ചാർജ്ജായി ഒന്നിന് 29.70 രൂപ മാത്രമാണ് അടവാക്കാനായി ആവശ്യപ്പെട്ടിരിക്കുന്നത്.

അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, Double tube fitting-ന് മുഴുവൻ തുകയും അടവാക്കിയ സെക്ഷനുകളിൽ ആയത് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-12 വീട് വയറിംഗ് (എസ്.സി.)-അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 163/17

ട്രഷറി ബിൽ നമ്പർ - 23/30-3-17 Rs.46200/-

" 26/30-3-17 Rs.8400/-

മേൽ പദ്ധതിക്കായി ഒരു ഗുണഭോക്താവിന് 4200/- രൂപ നിരക്കിൽ 13 പേർക്കായി 54600/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം.3/19-10-17) നല്കിയ മറുപടിയിൽ ബഹു. എം.എൽ.എ.യുടെ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയതെന്നാണ് അറിയിച്ചത്. എന്നാൽ ഈ ലിസ്റ്റിൽ ഇല്ലാത്ത നാല് പേർക്കു കൂടി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഗ്രാമസഭയും, പഞ്ചായത്ത് കമ്മറ്റിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ ആനുകൂല്യങ്ങൾ വിതരണം നടത്തുന്നത് ക്രമപ്രകാരമല്ല.

ആയതിനാൽ ലിസ്റ്റ് അടുത്ത ഗ്രാമസഭാ യോഗത്തിൽ വെച്ച് അംഗീകാരം തേടേണ്ടതും തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. ആയതുവരെ ചെലവ് തുകയായ 54600/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുക

## തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി | ചെലവ് തുക | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 176/17-കുടിവെള്ള പദ്ധതി വാർഡ് തലം | 516000 | ട്രഷറി ബിൽ നം. 16/10-2-17 | Exe. Engineer, PH Division, Irinjalakkuda |
| 2 | 25/17- VPN കണക്ടിവിറ്റി | 27531 | ലഭ്യമല്ല | BSNL |
| 3 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ - 27/17 | 1410860 | ട്രഷറി ബിൽ നം.22/28-3-17 Rs.192035<br>നം.24/29-3-17 Rs.118451<br>നം.25/29-3-17 Rs.1043195 | കയ്പമംഗലം സെക്ഷൻ<br>തൃപ്രയാർ സെക്ഷൻ<br>വലപ്പാട് സെക്ഷൻ |
| 4 | 26/17- IKM-ന് വിഹിതം | 150463 | ട്രഷറി ബിൽ നം. 19/22-2-17 | |
| 5 | ABC വിഹിതം | 75000 | ട്രഷറി ബിൽ നം. 20/22-2-17 | |
| | ആകെ | 2179854 | | |

# 3-14 തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 34/17

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരനായ ശ്രീ.ഷിജീഷ്.കെ.കെ. എന്നയാൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| റിപ്പയർ ചെയ്യതിന് കരാർ പ്രകാരം അനുവദിക്കാവുന്നത് | അനുവദിച്ചത് | ചെലവ് വിവരം | അധികം/കുറവ് അനുവദിച്ചത് |
|---|---|---|---|
| 106nos.x250=26500<br>215x175=37625<br>30x110=3300<br>Total Rs.67425/- | 68255 | Vr.No.21601021/15-2-17 | 830 |
| 144x250=36000<br>232x175=40600 | 82240 | Vr.No.21601250/1-9-16 | 1130 |

| | | | |
|---|---|---|---|
| 41x110=4510<br><br>Total RS.81110/- | | | |
| 181x250=45250<br><br>256x175=44800<br><br>86x110=9460<br><br>Total Rs.99510/- | 96980 | Vr.No. 21601021/15-2-17 | 2530 |
| 114x250=28500<br><br>216x175=37800<br><br>26x110=2860<br><br>Total Rs.69160/- | 69160 | Vr.No. Nil Dt.29-3-17 | - |

അനുവദിച്ച തുകയും അനുവദിക്കേണ്ടിയിരുന്ന തുകയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

മേൽ പദ്ധതിക്കായി 16-17 വർഷത്തിൽ ആകെ 316635/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖയിലുള്ള ചെലവ് പത്രിക പ്രകാരം ചെലവ് 248380/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ചെലവ് തുകയ്ക്ക് മേൽ ആദായനികുതി ഈടാക്കി സർക്കാറിലേക്ക് അടവാക്കേണ്ടതാണ്.

## 3-15 അംഗനവാടികൾക്ക് പഠനോപകരണങ്ങൾ നല്കൽ - കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | അംഗനവാടികൾക്ക് പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണീച്ചർ നല്കൽ |
| പ്രോജക്ട് നമ്പർ | 142/17 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നമ്പർ | 09/toys/16-17/30.3.17 |
| തുക | 165055/- |

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പാലക്കാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്നും ഇൻവോയിസ് നമ്പർ 1400/25.3.17 പ്രകാരം (തുക –61200/-) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അംഗനവാടികൾക്ക് വിതരണം നടത്തിയതിന്റെയും, പാലക്കാട് ഡിസ്ട്രിക്ട് ഹോൾസെയിൽ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈപ്പറ്റ് രസീതും, വീക്കോ ട്രേഡിങ്ങ്, അരിമ്പൂർ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയിസ് നമ്പർ 211/16.3.17 പ്രകാരം (തുക – 103855/-) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അംഗനവാടികൾക്ക് വിതരണം നടത്തിയതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 165055/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

2015-16-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പ് 455377/- രൂപയാണ്. തൻവർഷ വരവ് 861517/-. ആകെ 1316894/-. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 861517/-, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ക്യാഷ് ബുക്ക് പ്രകാരം ചെലവ് 1095535/-, ലഡ്ജർ പ്രകാരം ചെലവ് 1145535/-. ചെലവുകൾ പൊരുത്തപ്പെടുന്നില്ല. കേന്ദ്ര വിഹിതത്തിലെ തൻവർഷ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

## 3-16 മഴക്കാലപൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷം മഴക്കാലപൂർവ്വ ശുചീകരണത്തിനായി 200000/- രൂപ 20 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രത്തിന് ചെക്ക് നം.142069/25-6-16 പ്രകാരം നൽകിയിരുന്നു. എന്നാൽ ആയത് ചെലവഴിച്ചതിന്റെ ചെലവു രേഖകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കുന്നതു വരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 5./20-10-.17)

## 3-17 ഹരിത കേരളം പദ്ധതി- മാലിന്യ സംസ്കരണം - വിവരം ലഭ്യമല്ല

വൗച്ചർ നമ്പർ - 21600878 മുതൽ 21600894

തുക - 59422

ചെക്ക് നമ്പർ - tdcb-14231 to 14235

വലപ്പാട് ഗ്രാമ പഞ്ചായത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി 20 വാർഡുകളുടെ കൺവീനർമാർക്കായി 59422/- രൂപ നൽകിയിട്ടുണ്ട്. പ്ളാസ്റ്റിക് മാലിന്യങ്ങൾ വീട്ടുവീടാന്തരം കയറി ശേഖരിച്ച് നിശ്ചിത സ്ഥലത്തേക്ക് എത്തിച്ചതിൻെറ വാഹനവാടക, ലഘുഭക്ഷണ ചെലവ് എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. മാലിന്യങ്ങൾ എപ്രകാരം നിർമ്മാർജ്ജനം ചെയ്തു എന്ന വിവരം ലഭ്യമല്ല. പഞ്ചായത്തിന് പ്ളാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ഇല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീര സംഘങ്ങൾ മുഖേനവിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601293/ 16-17 | 1353681 | - | യു.സി. ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി. | തിരുവഴഞ്ചേരി കോളനി 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കൽ | 21601299/ 16-17 | 39955 | 39955 | യു.സി. ലഭിച്ചിട്ടുണ്ട് |
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പദ്ധതി വാർഡ് തലം | 21601284/ 16-17 | 516000 | - | യു.സി. ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4018125 (350000+518125 പലിശ) |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 |
| 3 | ആകെ | 4018125 |
| 4 | തൻവർഷം പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4018125 |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര | F.D No: 80002112956/ |

| | |
|---|---|
| നിക്ഷേപത്തിന്റെ വിവരം<br>പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. (ആയത് വാർഷിക കണക്കിലെ അപാകതയായി ചേർത്തിട്ടുണ്ട്.) | 22.03.13 - 3018125 രൂപ<br>No:8000375480/ 30.05.13<br>- 10,00,000 രൂപ |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പാർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് വിവരം | രശീതി നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ-1 | 224 | മറിയം.വി.പി., സീനിയർ ക്ളർക്ക്, പുന്നയൂർക്കുളം | 11604101251/ 26-5-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(4) | 250 | ദുർഗ്ഗ ദേവി, എൽ.ഡി.സി., വലപ്പാട് | 11604101338/ 1-6-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(4) | 250 | ബെന്നി.എം.ജെ., എൽ.ഡി.സി., വലപ്പാട് | 11604101377/ 2-6-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -2(7) | 20 | ബിന്ദു, പെരിഞ്ഞനം | 11604101489/ 6-6-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -19(1) | 150 | കവിത.എം., എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11604101556/ 9-6-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -19(1) | 150 | സരിത, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11604101557/ 9-6-16 |
| 2013-14 | ഓഡിറ്റ് ഖണ്ഡിക നമ്പർ -19(1) | 150 | ജീന, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11604101558/ 9-6-16 |
| 2013-14 | ഡീസൽ, പെട്രോൾ | 16787 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 11604104233/ 24-9-16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59385986 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59069144 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 19392 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 213922 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5076718 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 9392 | | എൻ.ഒ.ലില്ലി, സെക്രട്ടറി |
| 2-6 | 5000 | | എൻ.ഒ.ലില്ലി, സെക്രട്ടറി |
| 2-6 | 5000 | | കെ.ആർ.മിനി |
| 3-2 | | 33750 | അൻസിൽ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 3-8 | | 12924 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 167248 | അസിസ്റ്റൻറ് എഞ്ചിനീയർ |
| ആകെ | 19392 | 213922 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 500000 | ഹസീന.ടി.കെ., വി.ഇ.ഒ., (എടമുട്ടം) |
| 3-1 | 1500000 | ഗീതാകുമാരി.പി.ആർ., വി.ഇ.ഒ. (വലപ്പാട്) |
| 3-4 | 143514 | ഹസീന.ടി.കെ., വി.ഇ.ഒ. (എടമുട്ടം) |
| 3-5 | 284675 | റാണി, ഹെഡ്മിസ്ട്രസ്സ് |
| 3-6 | 49020 | റാണി, ഹെഡ്മിസ്ട്രസ്സ് |
| 3-12 | 54600 | മിനി.കെ.ആർ., സെക്രട്ടറി |
| 3-13 | 2179854 | മിനി.കെ.ആർ., സെക്രട്ടറി |
| 3-15 | 165055 | ശുഭ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-16 | 200000 | എൻ.ഒ.ലില്ലി, സെക്രട്ടറി |
| ആകെ | 5076718 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.ഒ.ലില്ലി, സെക്രട്ടറി | സെക്രട്ടറി, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | കുള (ഹൗസ്) പുല്ലൂർ.പി.ഒ. ഇരിങ്ങാലക്കുട പിൻ- 68 683 |
| മിനി.കെ.ആർ., സെക്രട്ടറി | സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് | താഴിശ്ശേരി ഹൗസ്, കോട്ടപ്പടി |
| അൻസിൽ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വലപ്പാട് ഗ്രാമപഞ്ചായത്ത് | പുളിപ്പറമ്പിൽ ഇടവിലങ്ങ് |
| ഷൈനി.പി.ജെ., അസിസ്റ്റൻറ് എൻജിനീയർ | അസിസ്റ്റൻറ് എൻജിനീയർ, വലപ്പാട് ഗ്രാമപഞ്ചായത്ത് | പാറാട്ട്കര ഹൗസ്, പുത്തൂർ |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1984-85 | എൽ.എഫ്.ടി.പി1-1902/11/ 24.10.11/10.01.12 | |
| 85-86 | -ടി- | |
| 86-87,87-88 | -ടി- | |
| 88-89,89-90 | -ടി- | |
| 90-91 | -ടി- | |
| 91-92 | -ടി- | |

| | | |
|---|---|---|
| 92-93 | -ടി- | |
| 93-94 | -ടി- | |
| 94-95 | -ടി- | |
| 95-96 | -ടി- | |
| 96-97 | എൽ.എഫ്.ടി.13-610/98/10.02.98 | |
| 97-98 | എൽ.എഫ്.ടി.14-1288/99/22.06.00 | |
| 97-98 | എൽ.എഫ്.ടി.14-1117/02/05.02.03 | |
| 98-99 | എൽ.എഫ്.ടി.14-1118/02/08.12.02 | |
| 98-99 | എൽ.എഫ്.ടി.14-1154/02/18.11.00 | |
| 99-00 | എൽ.എഫ്.ടി.14-1119/02/16.12.02 | |
| 00-01,01-02 | എൽ.എഫ്.ടി.14-1541/03/06.03.04 | |
| 02-03 | എൽ.എഫ്.ടി.14-871/06/31.05.06 | |
| 03-04 | എൽ.എഫ്.ടി.14-1801/08/11.12.09 | |
| 04-05 | എൽ.എഫ്.ടി.14-1881/08/11.12.09 | |
| 05-06 | എൽ.എഫ്.ടി.14-398/10/16.09.10 | |
| 06-07 | എൽ.എഫ്.ടി.14-399/10/19.03.11 | |
| 07-08 | എൽ.എഫ്.ടി.14-1145/10/25.05.11 | |
| 08-09 | എൽ.എഫ്.ടി.14-1146/10/03.06.11/29.06.11 | |
| 09-10 | എൽ.എഫ്.ടി.(പി1)252/12/07.07.12 | |

| | | |
|---|---|---|
| 10-11 | എൽ.എഫ്.ടി.(പി1)-253/12/29.06.12/05.10.12 | |
| 11-12 | എൽ.എഫ്.ടി.പി1.711/13,15.01.2014/12.03/2014 | |
| 12-13 | എൽ.എഫ്.ടി.പി.1-1539/2014 /01.12.14 | |
| 13-14 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/23/ 16/15.01.16/06.02.16 | |
| 14-15 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/1033/ 16/28.6.16 | |
| 15-16 | കെ.എസ്.എ-ടി.എ.സ്.ആർ.പി.1/2010/16/15.12.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം 1-

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.1)1757/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

PIN 680 020.

തിയ്യതി 04-12-2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

AUDIT CERTIFICATE

No.KSA-TSR(P1)1757/17

Kerala State Audit Department,

District Audit Office, Thrissur

PIN 680 020.
Dated: 04.12.2017

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Valappad Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of

accounts of Panchayat Raj Institutions.

In my opinion, the Financial Statements of Valappad Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office,
Thrissur.